(ഇ) വിവിധങ്ങളായ പുനരുദ്ധാരണ നടപടികളെടുത്തു വരുന്നു. പിഴപ്പലിശ റദ്ദാക്കുക, പലിശ ഫണ്ട് നൽകുക, മുതൽ തിരിച്ചടയ്ക്കാൻ സാവകാശം നൽകുക, സാങ്കേതിക മികവ് വരുത്തുവാൻ സാമ്പത്തിക സഹായം നൽകുക എന്നീ നടപടികൾ സ്വീകരിച്ചു വരുന്നു. ചെറുകിട വ്യവസായ മേഖലയിലെ പീഡിത യൂണിറ്റുകളെ കണ്ടെത്തി അവ പുനരുദ്ധരിക്കുന്നതിനു വേണ്ടി "സിക്ക് യൂണിറ്റ്" പുനരുദ്ധാരണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ പീഡിത വ്യവസായ യൂണിറ്റുകളായി തീർന്നേക്കാവുന്ന യൂണിറ്റുകളെ തിരിച്ചറിഞ്ഞ് അവയുടെ പുനരുദ്ധാരണത്തിന് പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

16 (591) വനിതാ വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി

ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂരിൽ പ്രവർത്തിക്കുന്ന വനിതാ വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുലിയൂർ പഞ്ചായത്തിലെ പേരിശ്ശേരിയിൽ പ്രവർത്തിക്കുന്ന വനിതാ വ്യവസായ യൂണിറ്റുകളിൽ പലതും അടച്ചുപൂട്ടിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വനിതാ വ്യവസായ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ചെങ്ങന്നൂർ താലൂക്കിലെ അഞ്ചു വനിതാ എഞ്ചിനീയറിംഗ് ആന്റ് ടെക്നീഷ്യൻസ് വ്യവസായ സഹകരണ സംഘങ്ങൾ പ്രതിസന്ധിയിലാണെന്ന് കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പീഡിതരായി കിടക്കുന്ന വനിതാ വ്യവസായ യൂണിറ്റുകൾ പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതിപ്രകാരം പുനരുദ്ധരിക്കുന്നതിന് സാദ്ധ്യതയുള്ള പക്ഷം നടപടി കൈക്കൊള്ളും.

17 (592) വ്യവസായ വികസന കർപ്പറേഷൻ കോമിൻകോ ബിനാനി കമ്പനിയിൽ നിക്ഷേപിച്ചിരുന്ന ഷെയറുകൾ

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ കോമിൻകോ ബിനാനി കമ്പനിയിൽ നിക്ഷേപിച്ചിരുന്ന ഷെയറുകൾ കമ്പോള വിലയിലും താഴ്ത്തി വിൽക്കുകയുണ്ടായോ; എങ്കിൽ ഇങ്ങനെ വിറ്റുകിട്ടിയ പണം സ്വകാര്യ ബാങ്ക് ആയ എച്ച്.ഡി.എഫ്.സി.യിൽ നിക്ഷേപിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക ഇപ്രകാരം നിക്ഷേപിച്ചു;

LIBRARY ARCHIVES Kerala Legislative Assembly